മുല്ലപ്പെരിയാർ അണക്കെട്ടിന് മുമ്പിൽ കൂട്ടിയിട്ടിരിക്കുന്ന കല്ലും മണ്ണും നീക്കം ചെയ്യിക്കുവാൻ നടപടി

117 [120] ശ്രീ. എം. മുരളി:

,, ടി. എൻ. പ്രതാപൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് മുമ്പിൽ കൂട്ടിയിട്ടിരിക്കുന്ന കല്ലും മണലും നീക്കം ചെയ്തുവോ;

(ബി) ഇല്ലെങ്കിൽ എന്നേക്ക് നീക്കിത്തരാമെന്നാണ് തമിഴ്നാട് അധികാരികൾ സമ്മതിച്ചിരുന്നത്;

(സി) അത് നീക്കം ചെയ്യാത്തപക്ഷം സംസ്ഥാനത്തിന് നഷ്ടമുണ്ടാകുകയോ തമിഴ്നാടിന് കൂടുതൽ പ്രയോജനം ഉണ്ടാവുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) മുല്ലപ്പെരിയാർ അണക്കെട്ടിന് മുമ്പിൽ കൂട്ടിയിട്ടിരിക്കുന്ന കല്ലും മണലും നീക്കം ചെയ്യിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തു;

(എഫ്) അത് നീക്കം ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) ഇല്ല.

(ബി) 10-6-2002-ൽ ചെന്നൈയിൽ വച്ച് നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ മുല്ലപ്പെരിയാർ ഡാമിന്റെ സ്പിൽവേയ്ക്ക് മുന്നിലെ കല്ലും മണ്ണും നീക്കം ചെയ്യാമെന്ന് തമിഴ്നാടിന്റെ പ്രതിനിധികൾ സമ്മതിച്ചിരുന്നുവെങ്കിലും മേൽ നടപടികൾ ഉണ്ടായില്ല.

(സി) സംസ്ഥാനത്തിന് നഷ്ടമുണ്ടാവുകയോ തമിഴ്നാടിന് കൂടുതൽ പ്രയോജനമുണ്ടാവുകയോ ചെയ്തിട്ടില്ല.

(ഡി) ഡാമിന്റെ സ്പിൽവേയ്ക്ക് മുന്നിലെ കല്ലും മണ്ണും നീക്കം ചെയ്യാതിരുന്നാൽ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയാകുകയാണെങ്കിൽ വെള്ളം ശരിയായി കേരള ഭാഗത്തേക്ക് ഒഴുകി എത്തുവാൻ തടസ്സം നേരിടും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ ആന്റ് എഫ്) സ്പിൽവേക്കു മുന്നിൽ കല്ലും മണ്ണും നീക്കം ചെയ്യുന്നതിന് നിരന്തരമായ സമ്മർദ്ദം തമിഴ്നാട് സർക്കാരിൻമേൽ ചെലുത്തിയതിന്റെ ഫലമായി കുറെയധികം കല്ലും മണ്ണും മുമ്പ് നീക്കം ചെയ്തിരുന്നു. 10-6-2002-ൽ ചെന്നൈയിൽ വച്ച് നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ മുല്ലപ്പെരിയാർ ഡാമിന്റെ സ്പിൽവേക്കു മുന്നിലെ ഇപ്പോഴുള്ള കല്ലും മണ്ണും നീക്കം ചെയ്യാമെന്ന് തമിഴ്നാടിന്റെ ഭാഗത്തുനിന്നും അറിയിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് തുടർനടപടികളൊന്നും തമിഴ്നാട് സർക്കാർ സ്വീകരിച്ചിട്ടില്ല. തമിഴ്നാട് സർക്കാരിനോട് ഇക്കാര്യം വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ട്

118 [121] ശ്രീ. ലൂഡി ലൂയിസ്:

,, കെ. പി. വിശ്വനാഥൻ:

,, എൻ. ശക്തൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്;

(ബി) അതിന്റെ നിയന്ത്രണം സംബന്ധിച്ച് കേരളത്തിനുള്ള കൈകാര്യ കർതൃത്വം എന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ അണക്കെട്ടിൽ എത്രയടി വെള്ളമുണ്ടെന്ന് അളക്കുവാൻ കേരളത്തിന് സംവിധാനമുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) ഇല്ലെങ്കിൽ സംവിധാനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ഇക്കാര്യത്തിൽ കേരളത്തിന് സംവിധാനം ആവശ്യമില്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത്.

(ബി) ഡാം സ്ഥിതിചെയ്യുന്ന പ്രദേശം കേരള വനംവകുപ്പിന്റെ അധീനതയിലും വൈദ്യുതി വിതരണത്തിന്റെ നിയന്ത്രണം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലും ക്രമസമാധാന പാലനം സംസ്ഥാന സർക്കാരിലും നിക്ഷിപ്തമാണ്.

എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്.

(സി—ഇ) ഉണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലുള്ള വെള്ളത്തിന്റെ അളവ് മൈനർ ഇറിഗേഷൻ തേക്കടി മോണിറ്ററിംഗ് സെക്ഷൻ എടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly